# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4301 13.12.2018-ൽ മറുപടിക്ക്

## സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ്<br>" പി.വി.അൻവർ<br>" വി.കെ.സി.മമ്മദ് കോയ<br>" കെ.കുഞ്ഞിരാമൻ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫയർ ബോർഡിന്റെ പ്രവർത്തനങ്ങൾ ഈ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; പ്രവർത്തനം കാര്യക്ഷമമാണോ; വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫയർ ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സർക്കാർ അവലോകനം ചെയ്യുന്നുണ്ട്. എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാണ്. 1986 ൽ രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫയർ ബോർഡിന്റെ പ്രവർത്തന നിയന്ത്രണം ബഹു.കേരള സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി ചെയർമാനായിട്ടുള്ള 13 അംഗ ഭരണസമിതിയ്ക്കാണ്. സഹകരണ സംഘം രജിസ്ട്രാറിന്റെ നിയന്ത്രണത്തിലുള്ളതും ഇതര വകുപ്പുകളുടെ നിയന്ത്രണത്തിലുള്ളതുമായ 7439 സംഘങ്ങളിൽ നിന്നും 64229 ജീവനക്കാർ നിലവിൽ അംഗങ്ങളായിട്ടുണ്ട്. വെൽഫെയർ ബോർഡിൽ അംഗമായിട്ടുള്ള സഹകരണ ജീവനക്കാരുടെ വിവിധ ക്ഷേമപ്രവർത്തനങ്ങൾ വെൽഫെയർ ബോർഡ് നടത്തി വരുന്നു. 2017-18 വർഷത്തിൽ മരണാനന്തര ധനസഹായമായി 1,35,50,000/-(ഒരു കോടി മുപ്പത്തഞ്ച് ലക്ഷത്തി അമ്പതിനായിരം) രൂപയും, ചികിത്സാ ധന |

| | | | |
|---|---|---|---|
| | | | സഹായം, ആശ്രിത ചികിത്സാ ധന സഹായം എന്നീ ഇനങ്ങളിൽ 1,79,65,442/- (ഒരു കോടി എഴുപത്തി ഒൻപത് ലക്ഷത്തി അറുപത്തി അയ്യായിരത്തി നാന്നൂറ്റി നാൽപത്തി രണ്ട്) രൂപയും, സർവ്വീസിൽ നിന്നും വിരമിക്കുകയോ രാജിവച്ച് പോകുകയോ ചെയ്ത അംഗങ്ങൾക്ക് അവർ അടച്ച വിഹിതം ഉൾപ്പെടെ 10% ഇൻസെന്റീവും ചേർത്തുള്ള തുക ഉൾപ്പെടെ 22,95,817/-(ഇരുപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എണ്ണൂറ്റി പതിനേഴ്) രൂപയും, ബോർഡിൽ അംഗങ്ങളായ സംഘം ജീവനക്കാരുടെ മക്കളുടെ വിദ്യാഭ്യാസ, കലാ കായിക രംഗങ്ങളുമായി ബന്ധപ്പെട്ട് ക്യാഷ് അവാർഡ് ഇനത്തിൽ 1,31,72,000/-(ഒരു കോടി മുപ്പത്തിഒന്ന് ലക്ഷത്തി എഴുപത്തിരണ്ടായിരം) രൂപയും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ സഹകരണ ജീവനക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | എംപ്ലോയീസ് വെൽഫയർ ബോർഡ് ജീവനക്കാരുടെ ക്ഷേമത്തിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>1) മരണാനന്തര ധനസഹായം.<br>2) ചികിത്സാ ധനസഹായം, ആശ്രിത ചികിത്സാ ധനസഹായം.<br>3) സർവ്വീസിൽ നിന്നും വിരമിക്കുന്ന അവസരത്തിൽ ജീവനക്കാരന് സംഘം വിഹിതം ഉൾപ്പെടെ ടിയാൻ അടച്ച വിഹിതത്തോടൊപ്പം 10% ഇൻസെന്റീവും ചേർത്തുള്ള തുക നൽകൽ.<br>4) ജീവനക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസ, കലാ-കായിക രംഗത്ത് ക്യാഷ് അവാർഡ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) | ബോർഡിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**